"ഭരണഭാഷ- മാതൃഭാഷ"

## പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2405 — 12.03.2020 ൽ മറുപടിയ്ക്ക്

<u>വാമനപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം</u>

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ എത്രയെന്നും ജീവഹാനി സംഭവിച്ചവർ എത്രയെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം 74 പേർക്ക് പരിക്ക് പറ്റുകയും 2 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് അറിയിക്കാമോ; | (ബി) | പരിക്കേറ്റവർക്ക് 4.7 3 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുകയും ജീവഹാനി സംഭവിച്ച രണ്ട് പേരുടെ ആശ്രിതർക്ക് ആകെ 6 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇനി ആർക്കെങ്കിലും നഷ്ട പരിഹാരം നൽകാനുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ